# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 78** 8.3.2012-ൽ മറുപടിക്ക്.

### റോഡപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.വി.പി. സജീന്ദ്രൻ:<br>ശ്രീ.സി. പി. മുഹമ്മദ്: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | റോഡ് അപകടങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി ശക്തമായ ഒരു കർമ്മ പദ്ധതിയ്ക്ക് രൂപം നൽകുമോ; വിശദമാക്കുമോ; | (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകുവാൻ വേണ്ടി ബഹു: മുഖ്യമന്ത്രി 14.2.2012 ൽ വിളിച്ച യോഗത്തിൽ വിശദമായ ചർച്ചയ്ക്കു ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.<br>i) പോലീസ്, ഗതാഗത, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട്, റോഡ് സുരക്ഷാ കമ്മീഷണർ ചെയർമാനും, ഐ.ജി. (ട്രാഫിക്), പൊതുമരാമത്ത് എൻ.എച്ച്/ റോഡ്സ് ചീഫ് എഞ്ചിനീയർമാർ മെമ്പർമാരുമായി ഒരു സ്റ്റേറ്റ് ആക്സിഡന്റ് റിവ്യൂ കമ്മിറ്റി (State Accident Review Committee) ടി ഉദ്യോഗസ്ഥരുടെ പേര് ചേർത്ത് രൂപീകരിക്കും. ഗുരുതരമായ എല്ലാ അപകടങ്ങളും ടി കമ്മിറ്റി രേഖപ്പെടുത്തുകയും അവയോ |

| | | | |
|---|---|---|---|
| | | | രോന്നും സംഭവിച്ചതെങ്ങനെ എന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം ടി കമ്മിറ്റി നടത്തുകയും റിപ്പോർട്ട് വ്യക്തമായ ശുപാർശകൾ സഹിതം പരിഹാര നടപടികൾക്കായി സർക്കാരിന് നൽകുകയും ചെയ്യും.<br>ii) ജില്ലാ തലത്തിൽ ജില്ലാ പോലീസ് സൂപ്രണ്ട് ചെയർമാനായും ബന്ധപ്പെട്ട ആർ.റ്റി.ഒ, പൊതുമരാമത്ത് എക്സി. എഞ്ചിനീയർ, എന്നിവർ ഉൾപ്പെടുന്ന ഡിസ്ട്രിക്റ്റ് ആക്സിഡന്റ് റിവ്യൂ കമ്മിറ്റി (District Accident Review Committee) രൂപീകരിക്കും. ജില്ലാ കമ്മിറ്റി റോഡപകടങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സ്റ്റേററ് കമ്മിറ്റിക്ക് നൽകണം.<br>iii) യോഗത്തിലുയർന്നു വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ആവശ്യമായ സൗകര്യങ്ങൾ, ഉപകരണങ്ങൾ, തസ്തികകൾ ഉൾപ്പെടെ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ടി മൂന്ന് വകുപ്പുകളും സർക്കാരിന് ആവശ്യമായ നടപടികൾ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി, സ്വീകരിക്കുവാൻ സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി വച്ചിട്ടുണ്ട്.<br>അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കി കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജ്ജുകളിലും, ഹെവി വാഹന ങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ , മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ, മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള പരിശീലനം, , ട്രാൻസ്പോർട്ട്/ നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മാധ്യമങ്ങൾ വഴി റോഡു സുരക്ഷാ സന്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | ജനങ്ങളിൽ എത്തിക്കുന്നുമുണ്ട്. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും സ്പീഡ് ക്യാമറകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ചേർത്തല - മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല - അരൂർ ഭാഗത്ത് സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു വരുന്നു. വാഹന പരിശോധന ശക്തമാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിംഗ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുമോ; | (ബി) | റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി നടത്തുന്നുണ്ട്. |
| (സി) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, സന്നദ്ധ സംഘടനകൾ മുതലായവയുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുമോ? | (സി) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, സന്നദ്ധ സംഘടനകൾ മുതലായവയുടെ സജീവ പങ്കാളിത്തത്തിലൂടെ റോഡ് |

| | | | |
|---|---|---|---|
| | | | സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശവും 14.2.2012 ലെ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.